## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. T 2995

10.05.2017-ൽ മറുപടിയ്ക്ക്

### നിരപരാധികളായ ആദിവാസികൾ ജയിലിലടക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. അബ്ദുൾ ഹമീദ് | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ആദിവാസി ആചാര പ്രകാരം വിവാഹിതരാകുന്ന ആദിവാസി യുവാക്കളെ നിയമം നിഷ്ക്കർഷിക്കുന്ന വിവാഹപ്രായം എത്തിയിട്ടില്ല എന്ന കാരണത്താൽ പോക്സോ നിയമപ്രകാരം കുറ്റം ചുമത്തി ജയിലിൽ അടക്കുന്നതായി ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സ്ഥിതി വിശേഷം ഒഴിവാക്കാൻ പ്രസ്തുത നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തേണ്ടതുണ്ടെന്നാണ് സമീപകാലത്തെ സംഭവങ്ങൾ വ്യക്തമാക്കുന്നത്. എന്നാൽ ശൈശവ വിവാഹം നിരോധിക്കുകയും പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുമായി ലൈംഗികബന്ധത്തിലേർപ്പെടുന്നതും ഗുരുതരമായ കുറ്റങ്ങളാണ്. ആയതിനാൽ ഇക്കാര്യത്തിൽ ഊർജ്ജിതമായ ബോധവൽക്കരണ പരിപാടികളാണ് ഫലപ്രദമാകുക. |
| (ബി) ഇത്തരത്തിൽ ജയിലിലടക്കപ്പെടുന്ന യുവാക്കൾക്ക് നിയമസഹായം ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br>(സി) നിരപരാധികളായ ആദിവാസികൾ ജയിലിലിടക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ? | (ബി), (സി) & (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സ്ഥിതി വിശേഷം ഒഴിവാക്കുന്നതിനായി പോലീസ് വകുപ്പ് ആദിവാസി ഊരുകളിൽ പോക്സോ നിയമത്തെക്കുറിച്ചും ശൈശവ വിവാഹത്തിന്റെ ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചും അവബോധം നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ ജനമൈത്രി സുരക്ഷാ പദ്ധതി, എസ് സി /എസ് റ്റി മോണിറ്ററിംഗ് കമ്മറ്റി എന്നീ പദ്ധതികളിലൂടെ ആദിവാസി കോളനി സന്ദർശിച്ച് ഈ നിയമത്തെക്കുറിച്ചും സ്ത്രീ |

(ഡി) കുറ്റാരോപിതരായി ജയിലിലടയ്ക്കപ്പെട്ട് നിയമ സഹായം ലഭിക്കാതെ കഴിയുന്ന ആദിവാസികൾക്ക് നിയമ സഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

സുരക്ഷയെക്കുറിച്ചും ക്ലാസ്സുകൾ നടത്തി വരുന്നുണ്ട്. ഇക്കാര്യത്തിൽ വിവിധ വകുപ്പുകളുമായി ചേർന്ന് കൂടുതൽ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്ന കാര്യം സർക്കാർ ഗൗരവമായി പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ